WEDNESDAY 11/02/2026 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff


GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/02/2026

1. കേരളത്തിന്റെ കാർഷിക പുരോഗതിയും, നവീകരണവും, സുസ്ഥിരതയും ലക്ഷ്യമാക്കി കർഷകരേയും, ശാസ്ത്രലോകത്തെയും, വിപണിയേയും ഒരുമിപ്പിക്കുന്ന വേദിയാണ് "വൈഗ" (VAIGA - Value Addition for Income Generation in Agriculture). വൈഗയുടെ ഏഴാം പതിപ്പ് "VAIGA 2026" തിരുവനന്തപുരം ജില്ലയിലെ ആനയറ കാർഷിക നഗര മൊത്ത വ്യാപാര വിപണി അങ്കണത്തിൽ വച്ച് 2026 ഫെബ്രുവരി 11 മുതൽ 16 വരെ നടത്തുന്നു. അറിവ്, അനുഭവം, സാങ്കേതിക വിദ്യ, സംരംഭകത്വം എന്നിവയുടെ സമന്വയത്തിലൂടെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനാണ് "വൈഗ' എന്ന അന്തർദ്ദേശീയ പ്രദർശനവും ശില്പശാലയും ശ്രമിച്ച് കൊണ്ടിരിക്കുന്നത്. കർഷകർ, ശാസ്ത്രജ്ഞർ, സംരഭകർ, അഗ്രി ബിസിനസ്സ് മേഖലയിലെ പങ്കാളികൾ എന്നിവരെ ഒരുമിപ്പിച്ച് കൊണ്ട് നൂതന കാർഷിക സാങ്കേതിക വിദ്യകളും, യന്ത്രങ്ങളും, മൂല്യവർദ്ധിത ഉല്പന്നങ്ങളും ഉൾക്കൊള്ളുന്ന വിപുലമായ പ്രദർശനവും, സമകാലിക കാർഷിക വിഷയങ്ങളിൽ വിദഗ്ധർ നയിക്കുന്ന പഠന ക്ലാസ്സുകളും, ചർച്ചകളും, സാംസ്കാരിക സന്ധ്യകളും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വൈഗ 2026- നോടനുബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്. ഇന്ന് (2026 ഫെബ്രുവരി 11ന്) വൈകിട്ട് 4.30 ന് മുഖ്യമന്ത്രി പിണറായി വിജയൻ വൈഗ 2026 ഉദ്ഘാടനം ചെയ്യും. കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് അദ്ധ്യക്ഷത വഹിക്കും. കൃഷി വകുപ്പ് തയ്യാറാക്കിയ "കാർഷിക വഴിയിലെ പെൺചുവടുകൾ" എന്ന പുസ്തകം മുഖ്യമന്ത്രി പ്രകാശനം ചെയ്യും. ഉദ്ഘാടന സമ്മേളനത്തിൽ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ, പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി, വനം വന്യജീവി വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ അനിൽ, നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയംഗോപകുമാർ, തിരുവനന്തപുരം കോർപറേഷൻ മേയർ വി.വിരാജേഷ്, എം.പിമാർ, എം.എൽ.എ.മാർ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, മറ്റുജനപ്രതിനിധികൾ തുടങ്ങിയവരുടെ സാന്നിധ്യവുമുണ്ടാവും.

2. കേരള കാർഷിക സർവകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കര കാർഷിക കോളേജിലെ അഗ്രോണമി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറുടെ (ഒരു ഒഴിവ് ) താൽകാലിക ഒഴിവിലേക്ക് കരാർ

അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് 13.02.2026 ന് രാവിലെ 9.30 മണിക്ക് വെള്ളാനിക്കര കാർഷിക കോളേജിൽ വച്ച് വോക് ഇൻ ഇന്റെർവ്യൂ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.kau.in, www.cohvka.kau.in എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുകയോ 0487 – 2438302 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

3. പരമ്പരാഗത പാരമ്പര്യേതര മേഖലകളിലെ റബ്ബർതോട്ടങ്ങളിൽ 2026–ൽ പൊടിക്കുമിൾ രോഗത്തിനെതിരെ പ്രതിരോധ നടപടിയായി ഗന്ധകം അടിച്ചതിനുള്ള ധനസഹായത്തിന് റബ്ബറുത്പാദകസംഘങ്ങൾക്ക് അപേക്ഷിക്കാം. റബ്ബർബോർഡ് വെബ് സൈറ്റ് വഴി 'സർവീസ് പ്ലസ്' പോർട്ടലിൽ പ്രവേശിച്ച് 2026 ഫെബ്രുവരി 10 മുതൽ 20 വരെയുള്ള തീയതികളിൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ് ലോഡ് ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) ,ഫോൺ നമ്പർ 04812576622.

4. റബ്ബർതോട്ടം തൊഴിലാളികൾക്കായി റബ്ബർബോർഡ് നടപ്പാക്കുന്ന ക്ഷേമപദ്ധതികളെക്കുറിച്ചറിയാൻ കോൾസെന്ററുമായി ബന്ധപ്പെടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (2026ഫെബ്രുവരി 11 ന്) ഉച്ചകഴിഞ്ഞ് ഒരുമണി മുതൽ നാലുമണി വരെ റബ്ബർബോർഡിലെ ലേബർ മാനേജ്മെന്റ് അസിസ്റ്റന്റ് ഡയറക്ടർ കെ. ബിനു മാത്യു മറുപടി നൽകും. കോൾസെന്റർ നമ്പർ 0481 2576622.

## പരിശീലന പരിപാടി

5. തൊഴിൽരഹിതരായ യുവതി യുവാക്കൾക്കായി കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വെച്ച് വിവിധ കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനവും അറ്റകുറ്റപ്പണികളും എന്ന വിഷയത്തിൽ 10 ദിവസത്തെ പ്രവർത്തിപരിചയ പരിശീലന പരിപാടി മാർച്ച് മാസം ആദ്യവാരം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9446370726 എന്ന മൊബൈൽ നമ്പറിൽ വിളിച്ച് ഫെബ്രുവരി 20 നുള്ളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"ലാൻഡ്സ്കേപ്പിംഗ്"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2026 ഫെബ്രുവരി 12 ന് ആരംഭിക്കുന്നു. കേരള കാർഷിക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കില് ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. ഫെബ്രുവരി 22 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 22 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്തു സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ നൽകുന്നതാണ്. ജിസ്റ്റർ ചെയ്തവർക്ക് **ഫെബ്രുവരി 12** മുതൽ യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ **0487-2438566.**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം